**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 164 — 13.06.2019 - ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും


ചോദ്യം

ശ്രീ.എം.മുകേഷ്
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.എൻ.വിജയൻപിള്ള
ശ്രീ.കെ.കുഞ്ഞിരാമൻ.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)


| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാ-മാണെന്ന് അറിയിക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവരുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും പകൽ വീടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ 358 ഗ്രാമപഞ്ചായത്തുകളിലായി 464 പകൽ വീടുകൾ നിലവിലുണ്ട്. പകൽ വീടുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ആയത് നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

| | | | |
|---|---|---|---|
| (സി) | വയോജനങ്ങളുടെ ക്ഷേമത്തിനായി ഹെൽപ്പ് ലൈൻ, കോൾ സെന്ററുകൾ, അലർട്ട് സിസ്റ്റം എന്നിവ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | വയോജനങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നിലവിലുള്ള-തിനാൽ ഹെൽപ്പ് ലൈൻ, കോൾ സെന്ററുകൾ, അലർട്ട് സിസ്റ്റം എന്നിവ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (ഡി) | വയോജനങ്ങൾക്കായി നടപ്പാക്കിയ വയോമിത്രം പദ്ധതിയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കിയ വയോമിത്രം ഉൾപ്പെടെ വിവിധ പദ്ധതികളെ മുൻനിർത്തി 2017 ലെ കേന്ദ്രസർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ.

1. **സായംപ്രഭാ ഹോം പദ്ധതി**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി.

2. **മന്ദഹാസം പദ്ധതി**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചുകൊടുക്കുന്ന പദ്ധതി.

3. **മ്യൂസിക് തെറാപ്പി**

സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന പദ്ധതി.

4. **വയോമധുരം പദ്ധതി**

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിയ്ക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന പദ്ധതി.

5. **മാതൃകാ സായംപ്രഭാ ഹോം പദ്ധതി**

വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയംതൊഴിൽ പരിശീലിക്കുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതി.

6. **യോഗാ തെറാപ്പി**

വൃദ്ധസദനങ്ങളിൽ നടപ്പാക്കുന്ന പദ്ധതി.

7. **സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്**

സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതി.

8. **വയോമിത്രം പദ്ധതി**

സംസ്ഥാനത്തെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യസംരക്ഷണവും മാനസിക ഉല്ലാസവും നൽകുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതി.

കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വകുപ്പ് നിയമിച്ചിട്ടുണ്ട്. കൂടാതെ ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി ഇരിപ്പിട സൗകര്യം, ചായ, ലഘുഭക്ഷണം, വെള്ളം എന്നിവ നൽകുന്നതിനായി വകുപ്പ് പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**